ഹദീസ് നിഷേധം മതനിഷേധമാകുന്നതെന്തുകൊണ്ട്?

അബ്ദുൽ മാലിക് സലഫി
പ്രിൻസിപ്പൽ, ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ വിശുദ്ധ ഖുർആനും തിരുസുന്നത്തുമാണ്. അവ രണ്ടും റബ്ബിന്റെ വഹ്‌യുകളാണ് എന്നതാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക:

'അല്ലാഹു നിനക്ക് വേദവും ഹിക്മത്തും അവതരിപ്പിച്ച് തരികയും നിനക്ക് അറിവില്ലാതിരുന്നത് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹം മഹത്തായതാകുന്നു'(4:113)

'നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിച്ച് തരികയും, നിങ്ങളെ സംസ്കരിക്കുകയും, നിങ്ങൾക്ക് വേദവും ഹിക്മത്തും പഠിപ്പിച്ചുതരികയും, നിങ്ങൾക്ക് അറിവില്ലാത്തത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യുന്ന, നിങ്ങളുടെ കൂട്ടത്തിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെത്തന്നെയാകുന്നു ഇതും'(2:151)

ഈ ആയത്തുകളിൽ പരാമർശിക്കപ്പെട്ട 'ഹിക്മത്ത്' എന്നതിന്റെ ഉദ്ദേശ്യം തിരുസുന്നത്തുകളാണ് എന്ന് ഇമാം ശാഫിഈ (റഹി) അടക്കമുള്ളവർ രേഖപ്പെടുത്തിയിട്ടുണ്ട്. ദിവ്യബോധനത്തിന്റെ വെളിച്ചത്തിലാണ് തിരുനബി(സ്വ) മതകാര്യങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിരുന്നത്.

അല്ലാഹു പറയുന്നു : '(നബിയേ,) പറയുക: (അല്ലാഹുവിൽ നിന്നുള്ള) സന്ദേശ പ്രകാരം മാത്രമാണ് ഞാൻ നിങ്ങൾക്ക് താക്കീത് നൽകുന്നത്'(21:45)

'അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് (അല്ലാഹുവിൽ നിന്നുള്ള) സന്ദേശമായി നൽകപ്പെടുന്നത് മാത്രമാകുന്നു'

വിശുദ്ധ ക്വുർആനും പ്രവാചക ഹദീസുകളും പ്രമാണമെന്ന നിലയിൽ വഹ്യുകളാണ് എന്നിരിക്കെ, ഒന്ന് മറ്റൊന്നിന് എതിരാകുകയോ, ബുദ്ധിക്കോ അനുഭവജ്ഞാനത്തിനോ വിരുദ്ധമാകുകയോ ചെയ്യുന്ന ഒരു അവസ്ഥത ഉണ്ടാവുകയില്ല എന്നതാണ് വസ്തുത. എത്രത്തോളമെന്നാൽ, മുസ്‌ലിം ലോകം അഭിപ്രായാന്തരമില്ലാതെ അംഗീകരിച്ച ഹദീസുകളെ വരെ ഇത്തരം ദുർന്യായങ്ങൾ നിരത്തി നിഷേധിക്കാൻ ഈ പുത്തൻ വാദക്കാർ തയ്യാറാകുന്നുണ്ട് എന്നറിയുമ്പോഴാണ്, ഇവരുടെ ലക്ഷ്യം പ്രമാണ നിഷേധത്തിലൂടെ മതനിഷേധം തന്നെയാണ് എന്ന് ഗ്രാഹ്യമാവുക.

(നജ്മ്: 3, 4)

റബ്ബിന്റെ വഹ്യുകളിൽ അബദ്ധം സംഭവിക്കില്ല. അന്യൂനവും അജയ്യവും സാർവ്വകാലികവുമായിരിക്കുമത്. അതിനാൽ തന്നെ ഇസ്‌ലാമിന്റെ പ്രമാണങ്ങൾക്ക് പഴക്കം ബാധിക്കുന്ന പ്രശ്നമില്ല. തിരുത്തേണ്ട ആവശ്യം വരുന്നില്ല. കാലത്തിന്റെ പുരോഗതികളുമായി ഏറ്റുമുട്ടേണ്ട ഗതി വരില്ല. നിത്യ നൂതനത്വത്തിൽ പ്രശോഭിതമായിരിക്കുമത്.

ഈ പ്രമാണങ്ങളാണ് ലോകത്ത് വെട്ടം പരത്തിയത്. വഴികേടിന്റെ അന്ധകാരത്തിൽ പൂണ്ടിരുന്ന ഒരു ജനതക്ക് സ്വർഗത്തിന്റെ പാത കാണിച്ചുകൊടുത്ത് അവരെ സർവോത്തമന്മാരാക്കി മാറ്റിയത് ഈ പ്രമാണങ്ങളുടെ ഊർജമായിരുന്നു.

'തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു' (ആലു ഇംറാൻ: 164)

ഈ പ്രമാണങ്ങൾ പരസ്പര പൂരകങ്ങളാണ്. ഒന്ന് മറ്റൊന്നിന്റെ വിശദീകരണമാണ്. ഒന്നില്ലാതെ മറ്റൊന്ന് വിശദീകരിക്കാനാവില്ല. അതിനാൽ തന്നെ, ഒന്നിനെ തള്ളുന്നവർ സത്യത്തിൽ രണ്ടിനെയും തള്ളുന്നവനായി മാറും. അഥവാ ഹദീസ് നിഷേധം ഖുർആൻ നിഷേധം കൂടിയാണ് എന്നർഥം. ഒരു ഉദാഹരണം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും.

അല്ലാഹു പറഞ്ഞു : 'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്. ബഹുദൈവവിശ്വാസികൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നത് പോലെ നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുക. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക' (തൗബ: 36)

യുദ്ധം, അക്രമം എന്നിവ നിഷിദ്ധമായ നാല് പവിത്ര മാസങ്ങളെ കുറിച്ച് ഈ ആയത്ത് പരാമർശിക്കുന്നു. അതേസമയത്ത്, പ്രസ്തുത മാസങ്ങൾ ഏതാണ് എന്ന് ഖുർആനിൽ എവിടെയും പരാമർശിക്കപ്പെടുന്നില്ല. ഈ മാസങ്ങളെ കുറിച്ചുള്ള അറിവാകട്ടെ വളരെ അത്യാവശ്യവുമാണ്. ഇവിടെയാണ് തിരുനബി(സ്വ)യുടെ വിശദീകരണങ്ങൾ അഥവാ സുന്നത്തുകൾ അനിവാര്യമാകുന്നത്.

പ്രസ്തുത ചതുർ മാസങ്ങൾ ഹദീസിൽ വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്: മുഹർറം, റജബ്, ദുൽ കഅദ, ദുൽഹിജ്ജ എന്നീ മാസങ്ങളാണവ. (ബുഖാരി, മുസ്‌ലിം)

നോക്കൂ! ഈ ഹദീസിനെ അവഗണിച്ചാൽ ആയത്തിൽ പറഞ്ഞ കാര്യം നമുക്ക് വ്യക്തമാവില്ല എന്ന് തീർച്ചയാണ്. അതിനാലാണ് പ്രമാണമെന്ന നിലയിൽ ഖുർആനിനൊപ്പം ഹദീസുകളെയും പരിഗണിക്കണമെന്ന് മതം പഠിപ്പിച്ചത്.

അല്ലാഹു പറഞ്ഞു: 'നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.' (ഹഷ്ർ: 7)

'ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണെ സത്യം; അവർക്കിട

യിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല' (4:65)

ഹദീസ് നിഷേധം ഖുർആൻ നിഷേധമാകുന്നത് ഇതിനാലാണ്. പ്രമാണ നിഷേധത്തിന്റെ അപകടങ്ങൾ നിരവധിയാണ്. റബ്ബ് പറഞ്ഞ ഒരു, കാര്യത്തെ ത ള്ളുക എന്നത് കുഫ്റിന്റെ പ്രവൃത്തിയാണ്. പ്രമാണ നിഷേധത്തിന്റെ വലിയ അപകടവും അത് തന്നെയാണ്. അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കന്നതിൽ കാണിക്കുന്ന വിസമ്മതത്തിൽ നിന്നാണ് പ്രമാണ നിഷേധവും പരിഹാസവും ഉടലെടുക്കുന്നത്.

അല്ലാഹു പറയുന്നു: 'പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച' (ആലു ഇംറാൻ: 32)

ഇത്തരമൊരു അവസ്ഥ സംജാതമാവുമെന്ന് നബി തിരുമേനി (സ്വ) നമുക്ക് മുന്നറിയിപ്പ് നൽകിയതാണ്. വയറു നിറച്ച് ആഹരിച്ച് ചാരുകസേരയിൽ ചാരിയിരിക്കുന്ന ചിലർ, നബി(സ്വ)യുടെ ഹദീസുകൾ അവരുടെ മുന്നിലെത്തുമ്പോൾ 'നമുക്ക് ഖുർആൻ മതി; അതിലുള്ള ഹലാൽ നമുക്ക് സ്വീകരിക്കാം, അതിലെ ഹറാമുകൾ നമുക്ക് വെടിയാം' എന്ന് പറഞ്ഞ് രംഗത്ത് വരുന്നവരുണ്ടാവും. എന്നാൽ മനസ്സിലാക്കുക; എനിക്ക് ഖുർആനും അതിന്റെ കൂടെ സമാനമായ ഒന്നും നൽകപ്പെട്ടിരിക്കുന്നു '' (അബൂദാവൂദ്. 4664).

വഹ്യിന്റെ വെളിച്ചത്തിൽ നബി (സ്വ) പ്രവചിച്ച ഇക്കാര്യം ഹിജ്റ: ഒന്നാം നൂറ്റാണ്ടിൽ തന്നെ സംഭവിച്ചിട്ടുണ്ട്. ഇറാഖിന്റെ ഭാഗത്തുനിന്നാണ് ഈ ഫിത്ന സമൂഹത്തിലേക്ക് പടർന്നത്. ഇത്തരമൊരു വിമത ശബ്ദം സമൂഹത്തിൽ നിന്നുയർന്ന ഘട്ടത്തിൽ തന്നെ അന്ന് ജീവിച്ചിരുന്ന സ്വഹാബത്തടക്കമുള്ളവർ ശക്തമായി പ്രതികരിക്കുകയും സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്തിരുന്നു.

പിന്നീട് ഖുർആൻമാത്ര വാദം സമൂഹത്തിൽ നിന്ന് മാഞ്ഞ് പോയിയെങ്കിലും നൂറ്റാണ്ടുകൾക്ക് ശേഷം അത് പിന്നീടും തലപൊക്കി. അതു പക്ഷേ, പഴയ രൂപത്തിലും ഭാവത്തിലും ആയിരുന്നില്ല. ഖുർആൻ മാത്രവാദം പ്രത്യക്ഷമായി പറയാതെ, ഖുർആനിനെതിരായത് ബുദ്ധിക്കെതിരായത്, ചരിത്രത്തിനെതിരായത്, അനുഭവജ്ഞാനത്തിനെതിരായത് എന്നിങ്ങനെ ഹദീസുകളെ വേർതിരിച്ച് ഖുർആനിനെ മറയാക്കി ഹദീസുകളെ തിരസ്കരിക്കുന്ന വളഞ്ഞ വഴിയാണ് ഈ വിഭാഗം സ്വീകരിച്ചത്.

സത്യത്തിൽ, വിശുദ്ധ ഖുർആനും പ്രവാചക ഹദീസുകളും പ്രമാണമെന്ന നിലയിൽ വഹ്യുകളാണ് എന്നിരിക്കെ, ഒന്ന് മറ്റൊന്നിന് എതിരാകുകയോ, ബുദ്ധിക്കോ അനുഭവജ്ഞാനത്തിനോ വിരുദ്ധമാകുകയോ ചെയ്യുന്ന ഒരു അവസ്ഥത ഉണ്ടാവുകയില്ല എന്നതാണ് വസ്തുത. എത്രത്തോളമെന്നാൽ, മുസ്ലിം ലോകം അഭിപ്രായന്തരമില്ലാതെ അംഗീകരിച്ച ഹദീസുകളെ വരെ ഇത്തരം ദുർന്യായങ്ങൾ നിരത്തി നിഷേധിക്കാൻ ഈ പുത്തൻ വാദക്കാർ തയ്യാറാകുന്നുണ്ട് എന്നറിയുമ്പോഴാണ്, ഇവരുടെ ലക്ഷ്യം പ്രമാണ നിഷേധത്തിലൂടെ മതനിഷേധം തന്നെയാണ് എന്ന് ഗ്രാഹ്യമാവുക.

നിർമിത ഹദീസുകളെ കണ്ടെത്താനും തിരിച്ചറിയാനും പണ്ഡിതന്മാർ പ്രാമാണികമായി നിർമിച്ച ചില നിയമങ്ങളെ ദുരുപയോഗം ചെയ്ത്, സ്വഹീഹായ ഹദീസുകളെ നിഷേധിക്കാൻ അവയെ ഉപയോഗിക്കുന്ന വിരോധാഭാസമാണ് ഇക്കൂട്ടരുടെ പ്രവർത്തനത്തിലൂടെ പ്രകടമാവുന്നത്.

നമ്മുടെ അറിവില്ലായ്മ മൂലമോ, മനുഷ്യരുടെ വിജ്ഞാന മണ്ഡലത്തിന്റെ അപര്യാപ്തത മൂലമോ മനുഷ്യർക്ക് അമ്പരപ്പുളവാക്കുന്ന ചില കാര്യങ്ങൾ ഹദീസുകളിലുള്ളത് യഥാർത്ഥ്യമാണ്. അത് നമ്മുടെ പോരായ്മയായി കാണാനുള്ള വിനയത്തിന്റെ അഭാവമാണ് പ്രമാണങ്ങളെ അറിഞ്ഞോ അറിയാതെയോ തട്ടിക്കളയുന്ന ദാരുണാവസ്ഥയിലേക്ക് ഇവരെ എത്തിച്ചത്. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട കാര്യങ്ങളെ മനസ്സ് നിറഞ്ഞ് സ്വീകരിക്കലാണ് വിശ്വാസികളുടെ രീതി. അതാണ് വിജയത്തിന്റെ മാർഗവും.

അല്ലാഹു പറയുന്നു: 'ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ' (ഫുർകാൻ: 63)